ചെയ്യാൻ അവസരം കൊടുക്കുന്നതിനായിരുന്നു ഈ ടെലിഫോൺ. നഗരങ്ങളിൽനിന്നും ഗ്രാമങ്ങളിൽനിന്നുമായി, വ്യത്യസ്ത തൊഴിലുകളിൽ ഏർപ്പെട്ട എത്രയോ സ്ത്രീകൾ ഈ ടെലിഫോണിലൂടെ വൈസിനോട്ടം കൂട്ടുകാരോട്ടം തങ്ങളുടെ ദുരനുഭവങ്ങളെപ്പററി പറഞ്ഞു! ഇവരിൽ അധികം പേരും തങ്ങൾ ബലാത്സംഗത്തിനു വിധേയരായ കാര്യം പോലീസിൽ റിപ്പോർട്ടുചെയ്തിരുന്നില്ല. പോലീസിൽ റിപ്പോർട്ടുചെയ്തിട്ട കാര്യമില്ലെന്ന വിശ്വാസമാണ് അവർക്ക്. കാരണം, ബലാത്സംഗം നടക്കുന്നത് സ്ത്രീയുടെ സമ്മതത്തോടെയാണെന്നും, ചെറുക്കുന്ന സ്ത്രീയെ ബലാത്സംഗംചെയ്യാൻ പുരുഷനു കഴിയില്ലെന്നുമുള്ള ധാരണയാണ്, ഇന്ത്യയിലെന്നപോലെ, ജർമനിയിലും. ബലാത്സംഗംചെയ്യുന്ന പുരുഷൻ പാവപ്പെട്ട ഒരു മനോരോഗിയാണെന്ന ധാരണയും അവിടെയുണ്ട്. സച്ചരിത്രകളായ സ്ത്രീകൾക്ക് ഇത്തരമൊരു കഴപ്പം ഒരിക്കലും വരില്ലെന്നതാണ് മറെറാരു തെററായ ധാരണ. തന്നെ സ്ത്രീ അപമാനിച്ചതിനു പുരുഷൻ ചെയ്യുന്ന ന്യായമായ പ്രതികാരമായി ബലാത്സംഗത്തെ കാണുന്നവരും കുറവല്ല.

ഈ ധാരണകൾ നിമിത്തം, യൂറോപ്പിൽ ബലാത്സംഗത്തിനു വിധേയയായ സ്ത്രീ, താനെന്തോ പാപംചെയ്തതായി ധരിച്ചുവശാവുന്നു.

കർട്ട്വൈസിനോട്ട് ടെലിഫോണിൽ സംസാരിച്ച ചില സ്ത്രീകൾ അങ്ങനെ ചെയ്തതു് ബലാത്സംഗം നടന്നു് നാല്പത്തെട്ടു വർഷങ്ങൾക്കശേഷമാണ്; ചിലർ ഒരാഴ്ചയ്ക്കുശേഷവും. ശരാശരി എടുത്താൽ, ബലാത്സംഗത്തിനുശേഷം പതിമ്മൂന്നു വർഷങ്ങൾ കഴിഞ്ഞാണ് ഈ സ്ത്രീകൾ തങ്ങളുടെ അനുഭവം വിവരിച്ചതു്.

ബലാത്സംഗത്തിനു വിധേയരായ ഈ സ്ത്രീകളിൽ പലർക്കും അതുകൊണ്ടുണ്ടായ മനഃക്ലേശം എത്രയോ വർഷങ്ങളോളം തുടർന്നു നിലനിന്നു. പത്തുകൊല്ലം മുമ്പ് ബലാത്സംഗംചെയ്യപ്പെട്ട ഒരു സ്ത്രീ പറഞ്ഞതു്, ജീവിതത്തിൽ ഇനിയൊരിക്കലും തനിക്കു മനശ്ശാന്തി കിട്ടുകയില്ലെന്നാണ്. ആ ദുരനുഭവത്തെപ്പററി ശാന്തമായി ചിന്തിക്കാൻ പിന്നീട് കരുത്തു നേടിയ സ്ത്രീകൾ വളരെ കുറവായിരുന്നു. മിക്കവർക്കും, അകാരണമായ ഭയവും, വിഷാദസ്വഭാവവും സ്ഥിരമായി വന്നുചേർന്നു; ചിലക്ക് എല്ലാററിലും വിരക്തിയും. ബലാത്സംഗത്തെ ഇവർ എല്ലാവരും ലൈംഗികസമ്പർക്കമായല്ല, ശാരീരികമായ ആക്രമണമായാണ് വീക്ഷിച്ചിരുന്നതു് എന്നതാണ് ശ്രദ്ധിക്കേണ്ട മറെറാരു വസ്തുത.

പാശ്ചാത്യരാജ്യങ്ങളിലും ബലാത്സംഗഭയം സ്ത്രീകളുടെ സ്വാതന്ത്ര്യസഞ്ചാരത്തെ തടയുന്നുണ്ടെന്ന് കർട്ട്വൈസ് പറയുന്നു. സ്ത്രീകളെ പുരുഷന്റെ കീഴിൽ, വീട്ടിൽ, തളച്ചിടുന്നതിനു് ആവശ്യമായ സാമൂഹ്യനിയന്ത്രണം നേടുവാൻ പുരുഷൻ ഉപയോഗപ്പെടുത്തുന്ന ഒരു ആയുധമാണ് ബലാത്സംഗം എന്നത്രേ ഈ ഗ്രന്ഥകാരന്റെ നിഗമനം.

14 സെപ്റ്റംബർ, 1983

# 35. വേശ്യാവൃത്തി എന്ന കുലത്തൊഴിൽ

ഏററവും പഴയ കുലത്തൊഴിൽ എന്താണ്? അതു് വേശ്യാവൃത്തി ആണെന്നത്രെ പലരുടേയും പക്ഷം. ഇംഗ്ലീഷിൽ വേശ്യാവൃത്തിയെ 'ദി ഏർലിയെസ്റ്റ് പ്രൊഫഷൻ' എന്നു വിളിക്കാറുണ്ട്.

പഴമയുടെ കാര്യം എങ്ങനെയിരുന്നാലും, വേശ്യാവൃത്തി തങ്ങളുടെ കുലത്തൊഴിൽ ആണെന്നു കരുതുന്ന ജാതിക്കാരും വർഗക്കാരും ഇന്ത്യ

യിൽ ഇന്നുമുണ്ട്. മധ്യപ്രദേശ് സംസ്ഥാനത്തിലെ 'ബാംഛഡാ' ജാതിക്കാരുടെ വിശ്വാസം അതാണ്. അവർ തങ്ങളുടെ പ്രിയപ്പെട്ട പെൺകുട്ടികളെ നിർബന്ധിച്ച് വേശ്യകളാക്കിത്തീർക്കുന്നു. ബാംഛഡാ ജാതിക്കാരുടെ ഈ ദുരാചാരം ഈയിടെ മധ്യപ്രദേശ് അസംബ്ളിയിൽ ചർച്ചാവിഷയമാകുകയുണ്ടായി.

രത്ലാം ജില്ലയിൽ ജാവ്രാ എന്ന താലൂക്കിലെ ബാഗാഖേഡ, പരവലിയ, ഢോഢർ, പിപ്പല്യാജോധാ, പിപ്പലോദി, മോയാഖേഡ, ചിക്ലാന, ഡേമലിയ, മാനൻഖേഡ മുതലായ പല ഗ്രാമങ്ങളും ബാംഛഡാ ജാതിക്കാരുടേതാണ്. ഇന്ത്യ സ്വാതന്ത്ര്യം നേടുംമുമ്പ് ബാംഛഡാകൾ നാടോടികളായിരുന്നു. സ്ഥിരമായി വീടുകെട്ടി പാർക്കാതെ അലഞ്ഞുനടക്കുകയായിരുന്നു അന്നവർ. അക്കാലത്ത് അവർക്കു രണ്ടു കുലത്തൊഴിലുകൾ ഉണ്ടായിരുന്നു; ഒന്ന് മോഷണം, മറ്റൊന്നു വേശ്യാവൃത്തി.

1950–നടുത്ത് ഇവർ മധ്യപ്രദേശിലെ മാൻഡ്സൗർ നഗരംമുതൽ രത്ലാം ജില്ലയിലെ ജാവരാ താലൂക്കുവരെയുള്ള പ്രദേശത്ത് വീടുകെട്ടി സ്ഥിരമായി പാർപ്പുതുടങ്ങി. ഇതോടെ മോഷണമെന്ന കുലത്തൊഴിൽ അവർ കൈവിട്ടു; വേശ്യാവൃത്തിയെന്ന മറ്റേ കുലത്തൊഴിൽ കൂടുതൽ ഭംഗിയായും ലാഭകരമായും നിർവ്വഹിച്ചുതുടങ്ങുകയുംചെയ്തു. ബാംഛഡാകൾ പാർക്കുന്ന ഈ പ്രദേശത്ത് കറുപ്പ്(അവീൻ)കൃഷിചെയ്യുവരുന്നുണ്ട്. ലോകവ്യാപകമാണ് കറുപ്പിന്റെ കള്ളക്കച്ചവടം. ബാംഛഡാകൾ ഇപ്പോൾ രണ്ടാമത്തെ കുലത്തൊഴിലായി കറുപ്പുകള്ളക്കച്ചവടം ഏറ്റെടുത്തിട്ടുണ്ട്.

സ്വതന്ത്രഭാരതസർക്കാർ ബാംഛഡകളെ ഹരിജനങ്ങളായി പരിഗണിക്കുന്നു. ഹരിജനങ്ങൾക്കു ലഭ്യമായ എല്ലാ വിദ്യാഭ്യാസസൗകര്യങ്ങളും ഉദ്യോഗസൗകര്യങ്ങളും ബാംഛഡാകൾക്കും ലഭിക്കും. പക്ഷേ, ആനുകൂല്യം നൽകാൻ നിയമമുണ്ടാക്കിയതുകൊണ്ടു മാത്രമായില്ലല്ലോ. ആനുകൂല്യം ലഭിക്കേണ്ടവർക്ക് അതിനെപ്പററി വിവരവും, ആനുകൂല്യം സ്വീകരിച്ച് സ്വന്തം നില ഉയർത്തുന്നതിനുള്ള ശിക്ഷണവുംകൂടി ഉണ്ടാവേണ്ടതുണ്ടല്ലോ. ഈ വിവരവും ഈ ശിക്ഷണവും ബാംഛഡാകൾക്കു നൽകുന്നതിന് സർക്കാർ ശ്രമിക്കുകയുണ്ടായില്ല. എന്തിനു സർക്കാരിനെ മാത്രം കുററംപറയുന്നു? ഓരോ രാഷ്ട്രീയപ്പാർട്ടിക്കുമുണ്ടല്ലോ ഹരിജനവിഭാഗങ്ങളും സ്ത്രീവിഭാഗങ്ങളും. രാഷ്ട്രീയമില്ലാതെ, ശുദ്ധസേവനം അനുഷ്ഠിക്കുന്ന റോട്ടറി, ലയൺ, സ്റ്റാലിയൻ, ജെ. സി., വൈസ്മാൻ മുതലായ സംഘടനകളും എല്ലായിടത്തുമുണ്ട്. ജനങ്ങൾക്കിടയിൽ സദാചാരബോധം വളർത്താൻ മാത്രമായി നിലകൊള്ളുന്ന മതസ്ഥാപനങ്ങളും കുറവല്ല. വേശ്യാവൃത്തി അവസാനിപ്പിച്ച്, ബാംഛഡാകളെ സമൂഹത്തിന്റെ മുഖ്യപ്രവാഹത്തിലേക്ക് ആനയിക്കണമെന്ന് ഇവരിലാർക്കും തോന്നിയില്ല.

അതേസമയം, മധ്യപ്രദേശ് നിയമസഭയിൽ സർക്കാരിനെ അടിക്കാനുള്ള വടിയായി ബാംഛഡാകളുടെ കുലത്തൊഴിലിനെ ഉപയോഗപ്പെടുത്താൻ എതിർപാർട്ടികൾ മറന്നതുമില്ല!

ബാംഛഡാകളെ അവരുടെ ഗ്രാമങ്ങളിൽ ചെന്നു കണ്ട്, അവരുടെ ഇന്നത്തെ സ്ഥിതി ഹൃദയസ്പൃക്കാംവണ്ണം വിവരിക്കുന്ന ഒരു ലേഖനം മെഹറുന്നീസാ പർവേസ് എന്ന ലേഖിക 'ധർമയുഗ്' എന്ന ഹിന്ദി വാരികയുടെ മെയ് 29–ലെ ലക്കത്തിൽ എഴുതിയിരുന്നു. ഇവിടെ നൽകുന്ന വിവരങ്ങൾ ശ്രീമതി മെഹറുന്നീസയുടെ ലേഖനത്തിൽനിന്ന് എടുത്തവയാണ്.

ബാംഛഡാകളുടെ ബാഗാഖേഡ എന്ന ഗ്രാമത്തിൽ ഒരു ദിവസം

ഉച്ചനേരത്തു് ലേഖിക കാറിൽച്ചെന്നു. പ്രധാന റോഡിൽനിന്നു വലത്തു മാറി കുറച്ചുയരത്തിൽ സ്ഥിതിചെയ്യുന്ന ഗ്രാമത്തിലേക്കു് ടാറിടാത്ത ഒരു നിരത്തുണ്ടു്. ഈ നിരത്തിന്റെ ഓരത്തു്, ഇഷ്ടികകൊണ്ടു പടുത്തു്, ഭംഗിയായി മണ്ണു പൂശി, ഓടുമേഞ്ഞ മൂന്നുനാലു് മുറികൾ ഉണ്ടായിരുന്നു. ബാംഛഡാകളുടെ പെൺകിടാങ്ങൾ അവരുടെ കുലത്തൊഴിൽ നടത്തിക്കൊണ്ടിരുന്നതു് ഈ മുറികളിലാണു്.

ഈ മുറികൾക്കു് അപ്പുറത്താണു് ഗ്രാമം. ലേഖികയെ മാന്യരെന്നു തോന്നിച്ച ഏതാനും പുരുഷന്മാർ ചേർന്നു് ഗ്രാമത്തിലേക്കു കൊണ്ടുപോയി. കുടിലുകളുടെ നടുവിലുള്ള മുറ്റത്തിൽ ഒരു കട്ടിലിൽ ഇരുത്തി. ഗ്രാമവാസികൾ, സ്ത്രീകളും പുരുഷന്മാരും കുട്ടികളും, ചുറ്റും വന്നുകൂടി. സമയം കളയാതെ ലേഖിക വിഷയത്തിലേക്കു കടന്നു:

'തൊഴിൽ(ഹിന്ദിയിൽ ധംധാ) എടുക്കുന്ന പെൺകുട്ടികൾ ആരെല്ലാമാണു്?'

'പെൺകുട്ടികളെ വിളിക്കു്.' ഒരു പുരുഷൻ സ്ത്രീയോടു പറഞ്ഞു.

അടുത്തുള്ള വീടിന്റെ വാതിൽ തുറന്നു് ഏതാനും പെൺകുട്ടികൾ പുറത്തേക്കു വന്നു. ലേഖിക എഴുതുന്നു:

'അവരെ കണ്ടു് എനിക്കു വല്ലായ്മ തോന്നി. ഞാൻ അവരേയും അവർ എന്നേയും വളരെനേരം നോക്കി. എത്രയോ കാലമായി നിലവിലുള്ള ഒരു ദുഷിച്ച മാമൂലിനു് ഇരകളായിത്തീർന്നിരുന്ന ഈ സ്ത്രീകളുടെ നിഴൽ പട്ടാപ്പകൽ തങ്ങളുടെമേൽ വീഴുന്നതുപോലും പാപമെന്നു കരുതിയിരുന്ന പുരുഷന്മാർ, രാത്രിയിൽ, ഇരുട്ടിൽ മറഞ്ഞുമാത്രമേ അവരുടെ വാതിൽക്കൽ മുട്ടിയിരുന്നുള്ളു. അവരുടെ വാതിൽക്കൽ പകൽ വന്നുമുട്ടിയ, ആദ്യത്തെ ആൾ, അതും ഒരു സ്ത്രീ, ഞാനായിരുന്നു.

അവരുടെ കണ്ണുകളിൽ ആശ്ചര്യമുണ്ടായിരുന്നു. ഈ ആവലാതിയും: 'നിങ്ങൾ വരാൻ ഇത്രയും വൈകിയതെന്തേ? അന്ധവിശ്വാസത്തിന്റെ മുമ്പിൽ ഞങ്ങൾ ബലികഴിക്കപ്പെട്ടു തുടങ്ങിയിട്ടു് എത്ര കാലമായി! എന്നിട്ടും ഇപ്പോഴല്ലേ നിങ്ങൾ വരുന്നുള്ളു!'

ലേഖിക ഒരു പെൺകുട്ടിയോടു് പേരു ചോദിച്ചു. 'അനാർകലി' എന്നു പേരു കേട്ടു് ലേഖികയ്ക്കു് അത്ഭുതം തോന്നി. സലീം രാജകുമാരന്റെ കാമുകിയായിരുന്നു എന്ന കുറ്റത്തിനു് അക്ബർ ചക്രവർത്തി നിഷ്കരുണം വധിച്ച ഇതിഹാസനായികയുടെ പേരോ ഈ തേവിടിശ്ശിപ്പെണ്ണിനു്! ഈ സംശയം പെൺകുട്ടി മനസ്സിലാക്കി: 'തൊഴിലിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന പെൺകുട്ടികൾക്കു് അച്ഛനമ്മമാർ ഇത്തരം പേരുകൾ ആദ്യമേ കൊടുക്കുന്നു' എന്നു് അവൾ പറഞ്ഞു.

അനാർകലിക്കു് ഒമ്പതു ഉടപ്പിറപ്പുകൾ ഉണ്ടു്. അവൾ നാലാമത്തെ മകളാണു്. ഇരുപത്തഞ്ചു വയസ്സായി. സഹോദരന്മാർ വല്ലപ്പോഴും കൂലിപ്പണി ചെയ്യുന്നു. സഹോദരിമാരെ കെട്ടിച്ചയച്ചു. ഇപ്പോൾ വീട്ടുചെലവു് നടത്തിപ്പോരുന്നതു് അനാർകലിയുടെ സമ്പാദ്യംകൊണ്ടാണു്.

മകളെ 'തൊഴിലിൽ' ആദ്യമായി പ്രവേശിപ്പിക്കുന്ന ദിവസം അച്ഛനമ്മമാർ വീട്ടിൽ ഒരു സദ്യ നടത്തുന്നു. അയൽവീട്ടുകാർക്കു് ഇറച്ചിയും ചാരായവും ചേർന്ന വിരുന്നു കൊടുക്കുന്നു. പെൺകുട്ടിയെ അണിയിച്ചൊരുക്കി, മുൻകൂട്ടി നിശ്ചയിച്ച ഇടപാടുകാരന്റെ കൈയിൽ ഏല്പിക്കുന്നു. ഏൽപ്പിച്ചുകൊടുക്കുന്നതു്, 'തൊഴിൽ' ചെയ്തു പരിചയമുള്ള ഏതെങ്കിലും ജ്യേഷ്ഠത്തിയോ വലിയമ്മയോ ആയിരിക്കും. പെൺകുട്ടി ആദ്യം ഏതാനും ദിവസം 'തൊഴിൽ'ചെയ്യുക ഈ ജ്യേഷ്ഠത്തിയുടെയോ വലിയമ്മയുടെയോ മുറിയിൽവെച്ചാണു്. പിന്നീടു് അവൾക്കുമാത്രമായി ഒരു മുറി, ഇത്തരം മറ്റു മുറികളോടു ചേർത്തു്, ഉണ്ടാക്കിക്കൊടുക്കുന്നു. സ്വന്തം മുറിയിലേക്കു മാറുന്ന ദിവസം പെൺകുട്ടി പുതിയ സാരിയും മറ്റും

ധരിക്കണം. അന്ന് വീട്ടിൽ സദ്യയുണ്ട്. അതിന്റെ ചെലവു മുഴുവൻ നടത്തേണ്ടതു് ഇടപാടുകാരനാണ്.

അനാർകലി അവളുടെ മുറി ലേഖികയ്ക്കു് കാണിച്ചുകൊടുത്തു. ഒരു ഇരുനിലക്കെട്ടിടം. മുകളിലും ചുവട്ടിലും ഓരോ മുറി. മുറിയുടെ പുറത്തു് 'കുമാരി ജാനി' എന്നും കുമാരി 'അനാർകലി' എന്നും എഴുതിവെച്ചിരിക്കുന്നു. മുറികൾക്കു് പത്തടി നീളവും അത്രയും വീതിയും കാണും. അകത്തു് ഒരു ഇരുമ്പുകട്ടിൽ. അതിൽ പച്ചവിരിപ്പ്. രണ്ടു തലയിണ. ചുമരിലെ കമ്പിയിൽ മുഷിഞ്ഞ വസ്ത്രങ്ങൾ. ഒരു മൂലയിൽ പിച്ചളക്കുടവും ഗ്ലാസ്സും. കട്ടിലിനു പിറകിൽ ചുമരിൽ ഒരു പൊത്തു്. അതിൽ മണ്ണെണ്ണച്ചിമ്മിനി. ചിമ്മിനിപ്പുക തട്ടി ചുമരിൽ കറുത്ത പാടു്. ഗ്രാമത്തിൽ വിദ്യുച്ഛക്തിയില്ല. ചുമരോടു ചേർന്നു്, പൂട്ടിയ ഒരു അലമാരി. അതിനുള്ളിൽ തിളങ്ങുന്ന സാരികൾ, കുപ്പികൾ, വളകൾ, ക്രീം, പൗഡർ, സ്നോ, ലിപ്സ്റ്റിക്, റൂഷ്, അത്തർ മുതലായ ചമയങ്ങൾ.

'ഇടപാടുകാർ നിങ്ങളുടെ അടുത്തു് വരുന്നതെങ്ങനെ?' ലേഖിക ചോദിച്ചു.

'ഞങ്ങളുടെ ഗൃഹസ്ഥകൾ മുഖം സാരികൊണ്ടു മറയ്ക്കും. ഞങ്ങൾ മുഖം മറയ്ക്കാറില്ല. പരിചയമുള്ള ഇടപാടുകാർ ആണെങ്കിൽ നേരെ ഞങ്ങളുടെ അടുത്തു വരും. പുതിയ ആളാണെങ്കിൽ ഗ്രാമത്തിൽ വന്നു് ആരോടെങ്കിലും ചോദിക്കും. അവർ അയാളോടു് ഒന്നും പറയില്ല. ഞങ്ങളുടെ അടുത്തു വന്നു് വിവരം പറയും. അപ്പോൾ ഞങ്ങളിൽ ഒരാൾ പോയി അയാളെ അകത്തു കൂട്ടിക്കൊണ്ടുവരും. ഞങ്ങൾ എല്ലാവരും അയാളുടെ അടുത്തു പോയി നിൽക്കും. തനിക്കു് ഇഷ്ടപ്പെട്ടവളുടെ മുറിയിലേക്കു് അയാൾ പോകും.

'ഗ്രാമത്തിൽ, തൊഴിലിനു പോകാത്ത ഏതെങ്കിലും പെൺകുട്ടിയാണു് അയാൾക്കു് ഇഷ്ടപ്പെട്ടതെങ്കിലോ?'

'അതു നടപ്പില്ല. തൊഴിലിൽ ഏർപ്പെടാത്ത ഏതെങ്കിലും കുടുംബിനിയെയോ കുമാരിയെയോ അയാൾ കണ്ണെടുത്തു നോക്കിക്കൂടാ. ഗ്രാമക്കാർ അയാളെ കൊന്നുകളയും—'അതു പറഞ്ഞതു അനാർകലിയുടെ വല്യമ്മ ആയിരുന്നു.

'നിങ്ങൾക്കു് ഒരു ഇടപാടുകാരനോടു പ്രേമം തോന്നിയാൽ അയാളുടെ കൂടെ പോകാമോ?'

'വയ്യ. ഗ്രാമക്കാർ വിടുകയില്ല. പക്ഷേ, ഗ്രാമക്കാർക്കു് ഇടപാടുകാരനിൽ വിശ്വാസംവന്നാൽ അവർ സമ്മതിക്കും. അപ്പോൾ കച്ചേരിയിൽ പോയി കല്യാണം കഴിക്കാം. ഞങ്ങളുടെ കൈയിൽ ഒന്നുമില്ലല്ലോ. കാമുകന്റെകൂടെ ചാടിപ്പോകാൻ ഞങ്ങൾക്കു പേടിയാണു്. ഇവിടെയാണെങ്കിൽ അച്ഛനമ്മമാർ സംരക്ഷിക്കുമല്ലോ. മറ്റൊരാളുടെ കൂടെ പോയാൽ, അയാൾ ചതിക്കയില്ലെന്നതിനു് എന്താണുറപ്പ്?'

'ഇവിടെ പോലീസ് വരാറുണ്ടോ?'

'ഉണ്ടു്. ചിലപ്പോൾ പോലീസ് ഇടപാടുകാരനെ പിടിച്ചുകൊണ്ടു പോകും. അപ്പോൾ ഇതു് ഞങ്ങളുടെ ബന്ധുവാണെന്നു പറഞ്ഞു് ഗ്രാമക്കാർ ഇടപെടും. പോലീസ് അതു് കേട്ടില്ലെങ്കിൽ, പണം കൊടുത്തു് ഒഴിവാക്കേണ്ടിവരും. പണമില്ലാത്തവൻ ലോക്കപ്പിൽ കിടന്നു കഷ്ടപ്പെടുതന്നെ.'

'നീ ചാരായം കുടിക്കാറുണ്ടോ?'

'ഉവ്വ്. വീട്ടിൽ എല്ലാവരും കുടിക്കും.'

'നിന്റെ സഹോദരിമാരൊക്കെ കല്യാണം കഴിച്ചുപോയല്ലോ. നീ മാത്രം ഇങ്ങനെയായി. ഇതിൽ നിനക്കു് ദുഃഖമില്ലേ? അച്ഛനമ്മമാർ നിന്നോടു് അന്യായം പ്രവർത്തിച്ചുവെന്നു് തോന്നുന്നില്ലേ?'

'എന്റെ തലയിലെഴുത്താണു്. ജന്മം തന്നവർതന്നെ തീയിൽ പി

ദിച്ച് ഇരുത്തിയാൽ ഞങ്ങൾ ആരോട് ആവലാതി പറയാൻ? ജാതി മര്യാദയാണ് ഇത്. കുട്ടിക്കാലംമുതൽ കണ്ടു ശീലിച്ച ഞങ്ങൾക്ക് ഈ തൊഴിൽ ചീത്തയാണെന്നു തോന്നുന്നില്ല.'

'നീ സമ്പാദിക്കുന്ന പണം എന്തു ചെയ്യുന്നു?'

'അതുകൊണ്ടല്ലേ കുടുംബം ചപ്പാത്തി തിന്നു കിടക്കുന്നത്? ഞങ്ങളെക്കൊണ്ടു തൊഴിൽചെയ്യിക്കുന്നതുതന്നെ അതിനല്ലേ? ഞങ്ങൾക്ക് വയസ്സായാൽ മറ്റു പെൺകുട്ടികൾ സമ്പാദിച്ചു ഞങ്ങളെ പുലർത്തും.'

ബാംഛര്ഡാകൾ പശുക്കളെയും എരുമകളെയും കോഴികളെയും വളത്തുന്നു. ചോളമാവുകൊണ്ടുള്ള ചപ്പാത്തിയാണ് മുഖ്യഭക്ഷണം. ആഘോഷദിവസങ്ങളിൽ ഗോതമ്പുചപ്പാത്തിയുണ്ടാകും. ഹിന്ദുമതക്കാരാണ്. എല്ലാ ദേവതകളെയും പൂജിക്കും. പരദേവത 'സിംഹവാഹിനി'യാണ്. തറവാട്ടിൽ കാരണവർ അമ്മയാണ്. അച്ഛന് പ്രാധാന്യമില്ല. മതപരമായ ഒരു പുണ്യകൃത്യമാണ് വേശ്യാവൃത്തി എന്നത്രെ ബാംഛര്ഡാകൾ കരുതുന്നത്.

വേശ്യാവൃത്തിക്കായി ഒരു പെൺകുട്ടിയെ ഉഴിഞ്ഞുവയ്ക്കുന്നത് അവൾ പിറന്ന ഉടനെയാണ്. ഇത്തരം പെൺകിടാങ്ങളെ 'ഖേലാവഡി' എന്നു വിളിക്കുന്നു. പെൺകുട്ടിയെ തൊഴിലിന് ആദ്യമായി അയയ്ക്കുന്ന വിശേഷദിവസത്തിന് 'കൗമാരം കളയൽ' (കുവാർ തോഡായി) എന്നു പേർ.

അനാർകലിപോലെ വേറെയും ചില പെൺകുട്ടികളുമായി ലേഖിക സംസാരിച്ചു. സായര, രാജു, കസ്തൂർബായി, ശംസൂബായി....പേരിലും പ്രായത്തിലും കുടുംബപശ്ചാത്തലത്തിലുമുള്ള വ്യത്യാസം ഒഴിച്ചാൽ, എല്ലാവരുടെയും സ്ഥിതി ഒന്നുതന്നെ. തങ്ങൾ ചെയ്യുന്നത് തെറ്റാണെന്ന് ഈ പെൺകുട്ടികൾക്കൊന്നും തോന്നുന്നില്ല. ഇവർക്ക് അക്ഷരാഭ്യാസമില്ല. പുറത്തിറങ്ങാറില്ല. പൗഡറും മറ്റും വാങ്ങിക്കൊടുക്കുന്നത് അച്ഛനോ, ചേട്ടനോ ആയിരിക്കും. വല്ലപ്പോഴും ഒരു സിനിമ കാണുന്നതിൽ നിന്ന് ലഭിക്കുന്ന ലോകപരിചയമേ ഉള്ളൂ. ഇവർക്കു കുട്ടികൾ പിറന്നാൽ കുടുംബക്കാർ നോക്കിക്കൊള്ളും. 'തന്തയില്ലായ്മ' അവർക്കിടയിൽ അപമാനമല്ല.

ഗ്രാമത്തിലെ പുരുഷന്മാരോട് ലേഖിക സംസാരിച്ചു. സ്വന്തം മക്കളെയും പെങ്ങന്മാരെയും വ്യഭിചരിക്കാൻ അയയ്ക്കുന്നതിൽ അവർക്കു വിഷമമില്ല. 'ഞങ്ങളുടെ ജാതിത്തൊഴിൽ ഇതായിപ്പോയി. ഇനി സർക്കാർ സഹായിച്ച്, കൃഷിചെയ്യാൻ നിലവും പണവും തന്ന് രക്ഷിച്ചാൽ, മേലിൽ ഈ തൊഴിലിന് കുട്ടികളെ അയയ്ക്കാതിരിക്കാം' എന്നായിരുന്നു അവരുടെ പ്രതികരണം.

ലേഖിക ബാഗാഖേഡയിൽനിന്ന് തിരിച്ചുപോരുമ്പോൾ ഒരു പയ്യൻ അവരുടെ കാറിനടുത്തേക്ക് ഓടിച്ചെന്നു 'എജമാനത്തി, നിങ്ങളെന്തിന് ഈ നാറിയ ഗ്രാമത്തിൽ വന്നു? വന്ന സ്ഥിതിക്ക് ഈ കൊച്ചു പെൺകുട്ടികളെക്കൂടി കൊണ്ടുപോകൂ! അല്ലെങ്കിൽ വലുതാവുമ്പോൾ ഇവരുടെ മാംസവും ഈ കശാപ്പുകാർ തൂക്കിവിറ്റു കാശു വാങ്ങും. ഇവർക്കു നാണമില്ല. ഒരു പണിയും എടുക്കില്ല. ഇരുന്നു തിന്നും. മകളെക്കൊണ്ട് തേവടിശ്ശിത്തൊഴിൽ ചെയ്യിച്ച് അവളുടെ വരുമാനംകൊണ്ട് ഇവർ ചാരായം കുടിക്കും.' അവൻ കരയാൻ തുടങ്ങി.

'നിന്റെ പേര്?' ലേഖിക ചോദിച്ചു.

'ഹരിരാം. എന്റെ ചേച്ചി ഈ തൊഴിലെടുക്കുന്നു. രണ്ട് അനുജത്തിമാരുണ്ട്. അവരെയും ഈ തൊഴിലിന് തയ്യാറാക്കുകയാണ്. ആ കൊച്ചുങ്ങളെ ഈ ദ്രോഹികൾ തുലയ്ക്കും. എന്റെ അനുജത്തിമാരെ കൂട്ടിക്കൊണ്ടു

പോകണേ! അവരെ സർക്കാർഹോസ്പിറ്റലിൽ ചേർക്കണേ. അല്ലെങ്കിൽ അവരും നശിച്ചുപോകും.'

ഹരിരാമന്റെ രണ്ടാനമ്മ കേസരീബായി പിന്നിൽനിന്നു വന്നു. അവർ അട്ടഹസിച്ചു: 'എന്താ ചെക്കാ, പുലമ്പുന്നതു്? ഓട്ടു്!' കേസരിബായി ഒരു കമ്പെടുത്തു് ഹരിരാമനെ അടിക്കാൻ ചെന്നു. ചുററും നിന്നവർ ഇടപെട്ടു. ഹരിരാം തൽക്കാലം രക്ഷപ്പെട്ടു.

'വിപ്ലവത്തിന്റെ വിത്തു വിതക്കപ്പെട്ടിരിക്കുന്നു,' ലേഖിക എഴുതുകയാണു്: 'വിപ്ലവം ഉണ്ടാവും. പക്ഷേ, എപ്പോൾ?'

അതെ, എപ്പോൾ?

8 ഫെബ്രുവരി, 1984

# 36. അടിമ–മൈനർ–വ്യഭിചാരവ്യവസായം

അടിമവേലയെപ്പററി നിങ്ങൾ കേട്ടിരിക്കും. പ്രായപൂർത്തിയാകാത്ത കുട്ടികളെ നിയമവിരുദ്ധമായി നിർബന്ധിച്ചു പണിയെടുപ്പിക്കുന്നതിനെക്കുറിച്ചും കേട്ടിട്ടുണ്ടാവും. എന്നാൽ, പ്രായപൂർത്തിവരാത്ത പെൺകുട്ടികളെ വിലക്കു വാങ്ങി അടിമകളാക്കി ജീവപര്യന്തം നിർബന്ധിച്ചു് വ്യഭിചാരവേലയെടുപ്പിക്കുന്നതിനെപ്പററി നിങ്ങൾ കേട്ടിരിക്കുകയില്ല. ഇതു നടക്കുന്നതു് ബോംബെപോലെയുള്ള സ്വാതന്ത്ര്യേന്ത്യയിലെ മഹാനഗരങ്ങളിലാണെന്നും, സർക്കാരിന്റെ, പ്രത്യേകിച്ചു് പോലീസ് വകുപ്പിന്റെ, അറിവും സമ്മതവും, ഒരുപക്ഷേ, പ്രോത്സാഹനവും ഈ വ്യവസായത്തിനു് ഉണ്ടെന്നും കൂടി മനസ്സിലാക്കുമ്പോൾ നിങ്ങളിൽ ഉളവാകുന്ന വികാരം എന്തായിരിക്കും?

ബോംബെയിലെ ഒരു പത്രലേഖിക ആയ ഷീല ബാർസ് ഈ പ്രശ്നം ആഴത്തിൽ പഠിച്ചു. ബോംബെയിലെ അടിമ—വേശ്യാ—വ്യവസായത്തിൽ മഹാരാഷ്ട്രം, ആന്ധ്രാപ്രദേശ്, തമിഴ്നാട്, കർണ്ണാടകം എന്നീ സ്റ്റേററ് ഗവണ്മെൻറുകൾക്കും ഈ ഗവണ്മെൻറുകളുടെ പോലീസ് വകുപ്പുകൾക്കും പങ്കാളിത്തമുണ്ടെന്നു് ആരോപിച്ചു്, ഈ ഗവണ്മെൻറുകൾക്കും അവരുടെ പോലീസ് വകുപ്പുകൾക്കും എതിരെ, സുപ്രീംകോടതിയിൽ ഒരു കേസ് കൊടുക്കുകയുംചെയ്തു. ഈ കേസ് ഇപ്പോൾ സുപ്രീംകോടതിയുടെ മുമ്പിലുണ്ടു്. ഷീല ബാർസ് കോടതിയുടെ മുമ്പാകെ സമർപ്പിച്ച വിവരങ്ങളാണു് ഇവിടെ സംക്ഷേപിച്ചു ചേർക്കുന്നതു്.

കോളേജ് വിദ്യാർത്ഥിനികൾ, സ്കൂൾ വിദ്യാർത്ഥിനികൾ, കെട്ടിടം പണിയിലും മററും ഏർപ്പെട്ട സ്ത്രീത്തൊഴിലാളികൾ, ദരിദ്രഗ്രാമീണരുടെ പെൺകുട്ടികൾ ഇവർക്കു് മയക്കമരുന്നു നല്കപ്പെടുന്നു. എന്നിട്ടു് അവരെ തട്ടിക്കൊണ്ടുവന്നു് ബോംബെയിലെ മനുഷ്യച്ചന്തയിൽ ആയിരം രൂപമുതൽ അയ്യായിരം രൂപവരെ വിലക്കു വില്ക്കുന്നു. ഈ മനുഷ്യജീവികളെ വിലകൊടുത്തു വാങ്ങിയവർ അവരെ കൊണ്ടുവന്നു പാർപ്പിക്കുന്നതു് മുപ്പതുലക്ഷംമുതൽ അമ്പതുലക്ഷംവരെ രൂപ വിലവരുന്ന വലിയ കെട്ടിടങ്ങളിലെ ചെറിയ മുറികളിലാണു്. ഈ മുറികളിൽ കക്കൂസുകൾ അടുക്കളയായി ഉപയോഗിക്കപ്പെടുന്നു. കർശനമായ മേൽനോട്ടത്തിൻ കീഴിൽ പേടിച്ചു വിറച്ചാണു് ഈ മുറികളിൽ സ്ത്രീകളും കുട്ടികളും കഴിഞ്ഞുകൂടുന്നതു്. ദിവസത്തിൽ രണ്ടു തവണ അവരെ കക്കൂസുകളിലേക്കു് അയയ്ക്കും. അപ്പോഴും, അവർ പരസ്പരം സംസാരിക്കുന്നതു് തടയാൻ, കൂടെ മേൽനോട്ടക്കാരുണ്ടാകും. ഇവരുടെ ജോലി വ്യഭിചാരമാണു്. അതു ചെയ്യാൻ അവർ